## പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 1 — 01-12-2014-ൽ മറുപടിയ്ക്ക്

### മദ്യനിരോധനത്തെ തുടർന്നുള്ള കരുതൽ നടപടികൾ

**ചോദ്യം:**

ശ്രീ. എസ്. രാജേന്ദ്രൻ
ശ്രീ.ബാബു എം. പാലിശ്ശേരി
ശ്രീ.പി.റ്റി.എ. റഹീം
ശ്രമതി.പി. അയിഷാ പോറ്റി

**ഉത്തരം:**

ശ്രീ. കെ. ബാബു
(മത്സ്യബന്ധനവും, തുറമുഖവും എക്സൈസും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | ബാറുകൾ അടച്ചുപൂട്ടിയതിന്റെ മറവിൽ മറ്റ് ലഹരി വസ്തുക്കളുടെ വ്യാപനം ഭയാനകമായിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഇല്ല. |
| (ബി) | മുമ്പൊരിക്കലുമില്ലാത്ത വിധം വ്യാപകമായിരിക്കുന്ന കഞ്ചാവിന്റെയും മരുന്നു രൂപത്തിലുള്ള മറ്റ് ലഹരി വസ്തുക്കളുടെയും തകൃതിയായുള്ള വില്പന തടയാൻ തയ്യാറാകുമോ; | (ബി) | കഞ്ചാവിന്റെയും മറ്റ് ലഹരി വസ്തുക്കളുടെയും വ്യാപനം തടയുന്നതിന് കർശനമായ നടപടികൾ എക്സൈസ് വകുപ്പ് സ്വീകരിച്ചിട്ടുണ്ട്. |
| (സി) | വ്യാജമദ്യ നിർമ്മാണവും വില്പനയും തടയാനുള്ള സംവിധാനങ്ങൾ പര്യാപ്തമാണോ; വ്യാജമദ്യ നിർമ്മാണത്തിനായി അന്യസംസ്ഥാനങ്ങളിൽ നിന്ന് സ്പിരിറ്റ് ഒഴുകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ലഭ്യമായ സംവിധാനങ്ങൾ ഉപയോഗിച്ച് ഫലപ്രദമായ നടപടികൾ എക്സൈസ് വകുപ്പ് സ്വീകരിച്ചു വരുന്നു. ഒറ്റപ്പെട്ട സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ഡി) | മദ്യമുള്ള കാലത്തേക്കാൾ മദ്യമില്ലാത്ത കാലം വൻവിപത്താ | (ഡി) | കഞ്ചാവിന്റെയും മരുന്ന് രൂപത്തിലുള്ള മറ്റ് ലഹരി വസ്തുക്കളുടെയും വിൽപ്പന |

| | | | |
|---|---|---|---|
| | കാതിരിക്കാനുള്ള മുൻകരുതൽ നടപടികൾ സർക്കാർ സ്വീകരിക്കുമോ? | | തടയുന്നതിന് റെയ്ഡുകളും വാഹന പരിശോധനയും കർശനമാക്കുകയും രഹസ്യാന്വേഷണ വിഭാഗത്തെ കൂടുതൽ കാര്യക്ഷമമാക്കുകയും കേസുകൾ കണ്ടെടുക്കുന്നതിന് പ്രത്യേക സ്ക്വാഡുകൾ രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. കഞ്ചാവിന്റെയും മറ്റ് നിരോധിത ലഹരി വസ്തുക്കളുടെയും കടത്ത്, വില്പന എന്നിവ തടയുന്നതിന് സംസ്ഥാന അതിർത്തി പ്രദേശങ്ങൾ കേന്ദ്രീകരിച്ച് ശക്തമായ വാഹന പരിശോധനയും പട്രോളിങ്ങും നടത്തിവരുന്നു. ചെക്ക്പോസ്റ്റുകളിലൂടെ കടന്നുപോകുന്ന എല്ലാ വാഹനങ്ങളും കർശന പരിശോധനയ്ക്ക് വിധേയമാക്കി വരുന്നുണ്ട്. കൂടാതെ റെയിൽവെ സ്റ്റേഷൻ, പാർസൽ സർവ്വീസ് ഓഫീസുകൾ എന്നിവിടങ്ങളിൽ നിരന്തരം നിരീക്ഷണം നടത്തി വരുന്നതും അന്യ സംസ്ഥാന തൊഴിലാളികൾ മയക്കു മരുന്നുകൾ ഉപയോഗിക്കുന്നതും കടത്തിക്കൊണ്ടു വരുന്നതും തടയുന്നതിനും വേണ്ടി ടി ആളുകൾ താമസിക്കുന്ന സ്ഥലങ്ങളിലും ജോലിചെയ്യുന്ന പ്രദേശങ്ങളിലും അന്വേഷണങ്ങളും രഹസ്യ നിരീക്ഷണങ്ങളും നടത്തി വരുന്നു. സമൂഹത്തിൽ പ്രത്യേകിച്ച് സ്കൂൾ കുട്ടികൾക്കിടയിലെ ലഹരി വസ്തുക്കളുടെ ഉപയോഗം തടയുന്നതിന് സന്നദ്ധ സംഘടനകൾ വഴിയും, സ്കൂളുകൾ, കോളേജുകൾ എന്നിവ കേന്ദ്രീകരിച്ച് ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് പ്രവർത്തനങ്ങൾ നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ